# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം - എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് - സ്ഥാപനത്തിൽ 8 സ്റ്റീൽ അലമാരകൾ വാങ്ങുന്നതിനുള്ള അനുമതി നൽകിയും തുക സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള കണ്ടിജൻസി ഇനത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

പരാമർശം : (1) 21/08/2020-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 33.2.

(2) എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ 07/01/2020-ലെ CWCD/EKM/a4-602/2020 നമ്പർ കത്ത്.

(3) എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 07/12/2020-ൽ സി.എച്ച്.ഇ നമ്പർ 62/20 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ : ICPS 2/1544/2020 തീയതി : 19/01/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സിലെ കുട്ടികളുടെ ഡോർമ്മറ്ററികളിൽ 12 ഷെൽഫുകൾ സ്ഥാപിക്കുന്നതിനായി എം.ടെക്ക് പ്ലേ പാർക്ക് എക്യുപ്മെൻറ്സ്, സെൻറ് ആൻറണീസ് ചർച്ച്, ഏലൂർ സൗത്ത് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരം 2,52,000/-രൂപ അനുവദിക്കണമെന്ന് പരാമർശം രണ്ട് പ്രകാരം എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർ അപേക്ഷിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ പരാമർശം രണ്ട് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കുകയും സ്ഥാപനത്തിലേയ്ക്ക് അലമാരകൾ സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം വാങ്ങുന്നതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 2,52,000/-രൂപ അനുവദിക്കുവാനും തീരുമാനിച്ചു.

പ്രസ്തുത തുക കണ്ടിജൻസി ഇനത്തിൽ നിന്നും അനുവദിക്കുന്നതിലേയ്ക്കായി 1,26,000/-രൂപയിൽ അധികരിക്കാതെ സ്റ്റീൽ അലമാരകൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8 സ്റ്റീൽ അലമാരകൾ വാങ്ങുന്നതിലേയ്ക്കായി സിഡ്കോ മാർക്കറ്റിംഗ് ഡിവിഷൻ, കടവന്ത്ര, എറണാകുളം എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരം 1,26,000/-രൂപ അനുവദിക്കണമെന്ന് പരാമർശം മൂന്ന് പ്രകാരം അപേക്ഷിച്ചിരിക്കുന്നു. തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

PTO

| Invoice Submitted : SIDCO Marketing Division, Maveli Road, Gandhinagar, Kadavanthara, Ernakulam | | | | | | | |
|---|---|---|---|---|---|---|---|
| No | Description of Article supplied/service rendered | Tax % | HSN/SAC | Quantity | Alt | Rate | Amount |
| 1 | Industrial Locker 8 Pigeon hole<br>198 x 90 x 48 cm 20G | 18 | 9403 | 8 Nos | | 13235 | 105884 |
| | | | | Gross total | 105884/- | | |
| | | | | CGST | 9529.56/- | | |
| | | | | SGST | 9529.56/- | | |
| | | | | 1E312KFC@1% | 1058.84 | | |
| | | | | Round Off | (-)1.96 | | |
| | | | | Grand Total | 1,26,000/- | | |
| | | | | Cess deducted Amount (126000-1058) | 1,24,942/- | | |
| (One Lakh twenty four thousand nine hundred and forty two rupees Only) | | | | | | | |

സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മേൽപ്പട്ടിക പ്രകാരം സ്ഥാപനത്തിൽ 8 സ്റ്റീൽ അലമാരകൾ വാങ്ങുന്നതിനുള്ള അനുമതി നൽകിയും, പ്രസ്തുത സാധനങ്ങൾക്കായി സിഡ്കോ മാർക്കറ്റിംഗ് ഡിവിഷൻ, കടവന്ത്ര, എറണാകുളം എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരമുള്ള തുകയായ 1,26,000/-രൂപ യിൽ സെസ്സ് തുകയായ 1058/-രൂപ കുറവ് ചെയ്ത് ബാക്കി തു കയായ 1,24,942/-രൂപ (ഒരു ലക്ഷത്തി ഇരുപത്തി നാലായിരത്തി തൊള്ളായിരത്തി നാൽപ്പത്തി രണ്ട് രൂപ മാത്രം) അനുവദിച്ചും ഉത്തരവാകുന്നു.

ടി തുക (1,24,942/-രൂപ) STSB A/C 701121400000005-ൽ നിന്നും ക്രഡിറ്റ് ട്രാൻസ്ഫർ ആയി സ്ഥാപന സൂപ്രണ്ടിന് (STSB Account Number : 711011400000156, Account Name : Superintendent Govt Children's home (girls) Kakkanad Ernakulam, Treasury Name : District Treasury Office Ernakulam Kakkanad, Phone Number of Superintendent : 8281899545) അനുവദിച്ച് നൽകേണ്ടതാണ്. പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, കൈപറ്റ് രസീത് എന്നിവ സ്ഥാപന സൂപ്രണ്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്
കാക്കനാട്, എറണാകുളം

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

<u>പകർപ്പ്</u>

1) ഐ.സി.പി.എസ്-4
(എക്സ്പെൻഡിച്ചർ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
2) സ്റ്റോക്ക് ഫയൽ
3) സ്പെയർ കോപ്പി

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT